Volume: 02, Issue:14

# അങ്ങാടിപത്രം

നമ്മുടെ നാടിന്റെ വാർത്താജാലകം

സെപ്റ്റംബർ 20 ചൊവ്വ 2022

ഡോൺ ബോസ്കോ ആർട്സ് & സയൻസ് കോളേജ് ജേർണലിസം വിഭാഗം ദ്വൈവാര പ്രസിദ്ധീകരണം


## ആരോപണത്തിൽ മുങ്ങി വനിതാ സഹകരണ സംഘം

കെ വി ഹർഷ

അങ്ങാടിക്കടവ്: അയ്യൻകുന്ന് വനിതാ സഹകരണ സംഘത്തിലെ അഴിമതി ആരോപണത്തെ തുടർന്ന് ഇരിട്ടി യൂണിറ്റ് ഇൻസ്പെക്ടർ പരിശോധന നടത്തി. പരിശോധനയിൽ ഗുരുതരമായ ക്രമക്കേടുകൾ കണ്ടെത്തിയതിനെ തുടർന്ന് കേരള സഹകരണ നിയമം വകുപ്പ് 65 പ്രകാരമുള്ള അന്വേഷണത്തിന് ജോയിന്റ് രജിസ്ട്രാർ ഉത്തരവിട്ടു.

മെയ് 27 ന് നടത്തിയ പരിശോധനയിൽ നിക്ഷേപം തിരിച്ചു കൊടുക്കാൻ കഴിയാത്ത അവസ്ഥയിലാണ് സംഘം നിലവിലുള്ളതെന്നും, വ്യാജമായ ഇടപാ ടുകൾ സൃഷ്ടിച്ച് സംഘത്തിന്റെ ഫണ്ട് ദുരുപയോഗം ചെയ്തിട്ടുണ്ടന്നും റിപ്പോർട്ട് ചെയ്ത സാഹചര്യത്തിൽ പരിശോധന നടത്തുന്നതിന് ഇരിട്ടി യൂണിറ്റ് ഇൻസ്പെക്ടർമാരായ ജെയ്സി മട്ടന്നൂർ, ബീന വി പി പേരാവൂർ, സമീറ എന്നിവരെ നിയമിച്ച് ഉത്തരവിറക്കി.

സംഘത്തിന്റെ ഘടന, പ്രവർത്തനം, നിക്ഷേപ ഇടപാട്, വായ്പ, ഭരണസമിതി അംഗങ്ങളുടെയും ജീവനക്കാരുടെയും പ്രവർത്തനം, നിക്ഷേപ ശോഷണം, സ്ഥിര നിക്ഷേപ വായ്പ, മെമ്പർഷിപ്പ്, അന്വേഷണവുമായി ബന്ധപ്പെട്ട് ഉദ്യാഗസ്ഥന് യുക്തമായി തോന്നുന്ന മറ്റു കാര്യങ്ങൾ തുടങ്ങിയവയാണ് പരിശോധനയ്ക്ക് വിഷയമാക്കേണ്ട കാര്യങ്ങൾ. ഒരു മാസത്തിനകം അന്വേഷണം പൂർത്തിയാക്കി റിപ്പോർട്ട് ജോയിന്റ് രജിസ്ട്രാർക്ക് സമർപ്പിക്കാനാണ് നിർദേശം.

അയ്യൻകുന്ന് വനിതാ സഹകരണ സംഘത്തിന്റെ പ്രസിഡന്റായിരുന്ന സെലീന ബിനോയ് ഇഞ്ചിപറമ്പിൽ ജീവനക്കാരുടെ പ്രവർത്തനത്തിലെ ക്രമക്കേടിൽ പ്രതിഷേധിച്ച് സ്ഥാനം രാജിവച്ചിരുന്നു.

നിക്ഷേപകർ പണം ആവശ്യപ്പെട്ടപ്പോൾ പണം തിരിച്ചു നൽകാൻ കഴിയാത്ത സാഹചര്യത്തിലാണ് സംഘം എന്നതായിരുന്നു ജീവനക്കാരുടെ വിശദീകണം.

വീട് നിർമ്മാണം, വിദ്യാഭ്യാസം തുടങ്ങിയ ആവശ്യങ്ങൾക്കായി നി ക്ഷേപിച്ച തുക തിരികെ ലഭിക്കാതെ വന്നതോടെ, നിക്ഷേപകർ നടത്തിയ പ്രതിഷേധത്തെ തുടർന്ന് ചില നി ക്ഷേപകർക്ക് ഭാഗികമായി പണം തിരിച്ചു നൽകിയിട്ടുണ്ടെങ്കിലും പലർക്കും അടച്ച പണം പൂർണ്ണമായി ലഭിക്കാത്ത സാഹചര്യമാണ്. സംഘത്തിൽ പണം നിക്ഷേപിച്ചിട്ടുള്ളവരിൽ കൂടുതലും സാധാരണക്കാരായ ജനങ്ങളാണ്. അടച്ച പണം എന്ന് തിരിച്ചുകിട്ടും എന്ന ആശങ്കയിലാണ് നിക്ഷേപകർ.

നിലവിൽ ലോൺ എടുത്തവർ തുക തിരിച്ചടക്കാത്തതാണ് നിക്ഷേപകരുടെ പണം തിരികെ നൽകാത്തതിന്റെ കാരണമായ് ജീവനക്കാരുന്നയിക്കുന്ന പ്രശ്നം. തിരിച്ചടവിന്റെ കാര്യത്തിൽ ജീവനക്കാർ വേണ്ട നടപടികൾ സ്വീകരിക്കുന്നില്ലെന്നും ജീവനക്കാരുടെ പ്രവർത്തനത്തിൽ അഴിമതിയുണ്ടെന്നുമാണ് ആരോപണം. നിക്ഷേപകരുടെ പണം തിരിച്ചു നൽകാൻ ജീവനക്കാരോട് ഭരണ സമിതി ആവശ്യപ്പെട്ടെങ്കിലും ജീവനക്കാർ സഹകരിച്ചില്ലെന്നാണ് ഭരണ സമിതിയുടെ ആരോപണം.

'സംഘത്തിലെ ക്രമക്കേടുകൾ കണ്ടെത്തിയതിനെ തുടർന്ന് അന്വേഷണം തുടങ്ങിയിട്ടുണ്ട്. ഇന്ന് അന്വേഷണ ഉദ്യോഗസ്ഥർ ചാർജ് എടുക്കും'. ഇരിട്ടി യൂണിറ്റ് ഇൻസ്പെക്ടർ ജെയ്സി മട്ടന്നൂർ പറഞ്ഞു.

'ഭരണത്തിൽ കയറിയ ശേഷമാണ് സംഘത്തിൽ ഗുരുതരമായ ക്രമക്കേടുകൾ നടക്കുന്നുണ്ടെന്ന് തിരിച്ചറിഞ്ഞത്. പല തവണ ചർച്ചകൾ നടത്തി പ്രശ്നങ്ങൾ പരിഹരിക്കാൻ ശ്രമിച്ചെങ്കിലും സെക്രട്ടറി തയ്യാറാവാത്തതിനെ തുടർന്നാണ് രാജിവച്ചത്'. സെലീന ബിനോയ് ഇഞ്ചിപറമ്പിൽ പറഞ്ഞു.



ആരോപണവിധേയമായ വനിതാ സഹകരണ സംഘം

## പട്ടയം കിട്ടിയിട്ടും പാർപ്പിടമില്ലാതെ...

ലിഡിയ ജേക്കബ്


പാർപ്പിടമാകാതെ കുടിലിൽ കഴിയുന്നവർ

മുടിയിരഞ്ഞി: സ്വന്തമായൊരു തുണ്ട് ഭൂമിയും അതിൽ മഴയൊ വെയിലൊ ഏൽക്കാതെ കയറി കിടക്കാനൊരു ഭവനവും ഏതൊരാളുടെയും പ്രാഥമികാവശ്യങ്ങളിലുപരി ഒരു സ്വപ്നം കൂടിയാണ്. എന്നാൽ സർക്കാരിൽ നിന്നും അയ്യൻകുന്ന് പഞ്ചായത്തിൽ മിച്ച ഭൂമി ലഭിച്ച് വർഷങ്ങളായിട്ടും അവിടൊരു പാർപ്പിടമൊരുക്കാൻ സാധിക്കാത്ത അവസ്ഥയിലാണ് പതിനഞ്ചോളം കുടുംബങ്ങൾ. 2011 ൽ മുടിയിരിഞ്ഞിയിൽ ഭൂമി പതിച്ച് കിട്ടിയ 26-ാളം കുടുംബങ്ങളിൽ വളരെ ചുരുക്കം കുടുംബങ്ങൾ മാത്രമാണ് സ്വന്തം സ്ഥലത്ത് വീട് നി ർമ്മിച്ചത്. ബാക്കിയുള്ളവരിൽ പലരും വില്ലേജിൽ നിന്നും സ്ഥലം അളന്ന് തിട്ടപെടുത്തി കിട്ടുവാൻ സർക്കാരിൽ നിന്നും കനിവ് തേടി കഴിയുവാൻ തുടങ്ങിയിട്ട് പതിറ്റാണ്ടുകളിലേറെയായി. പലർക്കും സർക്കാരിന്റെ ലൈഫ് പദ്ധതിയിൽ നിന്നും മറ്റും വീട് അനുവദിച്ചിട്ടുണ്ടെങ്കിലും സ്ഥലം അളന്ന് കിട്ടാത്തതിനാൽ പഞ്ചായത്തിൽ നിന്നും ഫണ്ട് ലഭിക്കുക സാധ്യമല്ല.

സ്ഥലം അളന്നു കിട്ടിയവരിൽ പലർക്കും കിട്ടിയത് കുന്നും പുഴയോരവുമാണ്. അവിടേക്ക് ഗതാഗത സൗകര്യമില്ലാത്തതിനാൽ സ്ഥലമുണ്ടായിട്ടും വീട് എന്ന സ്വപ്നം വീണ്ടും ബാക്കിയാണ്.

ജില്ലയുടെ വിവിധ ഭാഗങ്ങളിലുള്ള പട്ടയം ലഭിച്ച പലർക്കും തങ്ങളുടെ സ്ഥലങ്ങളിലേക്ക് വരാൻ പോലും സാധിച്ചിട്ടില്ല. എന്നാൽ കയറി കിടക്കാനൊരിടം തേടി വന്ന കുടുംബങ്ങളിൽ പലതും പൊളിഞ്ഞുവീഴാറായ കൂരകൾക്കടിയിലും ഒറ്റമുറി വാടകവീടുകളിലുമൊക്ക നിസ്സഹായരായി കഴിയുകയാണ്.

'വർഷങ്ങളായി കരമടയ്ക്കുന്ന ഭൂമിയിൽ ഏതു നിമിഷവും നിലം പൊത്താവുന്ന ഒരു ഷെഡ്ഡിലാണ് 8 വർഷമായി താമസിക്കുന്നത്. കാറ്റും മഴയും വരുമ്പോൾ വീട്ടിൽ നിന്നിറങ്ങി പുറത്ത് നിൽക്കും. പഞ്ചായത്തിൽ നിന്ന് വീട് അനുവദിച്ചിട്ടുണ്ടെങ്കിലും എപ്പോൾ യാഥാർത്ഥ്യമാകുമെന്ന ആശങ്കയിലാണ് ഞങ്ങൾ'. സലജ ബാബു പറഞ്ഞു.

'നിലവിൽ സ്ഥലം മുഴുവൻ വിവിധ പ്ലോട്ടുകളായി തരം തിരിച്ചിട്ടുണ്ട്. പക്ഷെ സ്ഥലത്തിൽ ചില തർക്കങ്ങൾ നിലനിൽക്കുന്നതിനാൽ സ്ഥലം വേർതിരിച്ച് കൊടുക്കുന്നതിൽ പ്രശ്നമുണ്ട്. അതിനാൽ എത്രയും വേഗം സ്ഥലം അളക്കുകയും ആളുകൾക്ക് കൈമാറുകയും ചെയ്യുന്നതിനുള്ള നടപടികൾ സർക്കാരിന്റേയും സർവ്വെ ഡിപ്പാർട്ട്മെന്റിന്റേയും ഭാഗത്ത് നിന്നുമുണ്ടാവണം. സെപ്റ്റംബർ 22ന് സ്ഥലം അളക്കുന്നതിനുള്ള നടപടികൾ ആരംഭിക്കും'. പഞ്ചായത്ത് പ്രസിഡന്റ് കുര്യാച്ചൻ പൈമ്പള്ളിക്കുന്നേൽ പറഞ്ഞു.

## പണി തീരാതെ അങ്ങാടിക്കടവ്–വാണിയപ്പാറ റോഡ്

റിയ റോയി


പണി തീരാത്ത അങ്ങാടിക്കടവ്-വാണിയപ്പാറ റോഡ്

വാണിയപ്പാറ: മഴ മൂലം പണി തടസപ്പെട്ട അങ്ങാടിക്കടവ്-വാണിയപ്പാറ റോഡ് ജനങ്ങളെ ബുദ്ധിമുട്ടിലാക്കുന്നു. റീ ബിൽട്ട് കേരള പദ്ധതിയുടെ ഭാഗമായി വീതികൂട്ടാൻ പൊളിച്ചിട്ട റോഡാണ് ഇപ്പോൾ നാട്ടുകാർക്ക് തലവേദനയാവുന്നത്. എടൂരിൽ നിന്നും പാലത്തുംകടവ് വരെ 24.3 കിലോമീറ്റർ റോഡിനുവേണ്ടി കെ എസ് ടി പിയിൽ നിന്നും ഒരു കിലോമീറ്ററിന് അഞ്ചര കോടി രൂപ വീതം എന്ന രീതിയാലാണ് ഫണ്ട് അനുവദിച്ചിരിക്കുന്നത്.

'ടൗണുകളിലെ റോഡുകൾ 12 മീറ്റർ വീതിയാക്കുക, കലിങ്കുകൾ, വെയിറ്റിംഗ് ഷെഡുകൾ എന്നിവ നിർമ്മിക്കുക തുടങ്ങിവയാണ് പദ്ധതിയുടെ ലക്ഷ്യങ്ങൾ. എന്നാൽ ഇടവിട്ടുള്ള ശക്തമായ മഴ പണി തടസപെടുത്തുകയും വാഹനങ്ങളേയും കാൽനടയാത്രക്കാരേയും ഒരു പോലെ ദുരിതത്തിലാഴ്ത്തുകയും ചെയ്യുന്നു'. നാലാം വാർഡ് മെമ്പർ സീമ സനോജ് പറഞ്ഞു.

'പൊളിച്ചിട്ട റോഡിൽ നിലവിൽ ക്വാറി വെയ്സ്റ്റ് ഇട്ടാണ് ഗതാഗതം സാധ്യമാക്കിയിരിക്കുന്നത്. മഴ ശമിച്ചാൽ എത്രയും വേഗം പണി പൂർത്തിയാക്കാനാവുമെന്നാണ് പ്രതീക്ഷ'. റോഡ് കമ്മിറ്റി അംഗം കുര്യൻ ചെട്ടിയാത്ത് പറഞ്ഞു.


വാർത്തകൾക്കും പരസ്യങ്ങൾക്കും വിളിക്കൂ... 9496698531

## എഡിറ്റോറിയൽ

# വിശ്വാസ്യത വാക്കിൽ ഒതുങ്ങുമ്പോൾ

ബാങ്കിംഗ് റഗുലേഷൻ ആക്ട് 1949 ന്റെ, 2020 സെപ്റ്റംബർ 29 ൽ നടപ്പിലാക്കപ്പെട്ട ഭേദഗതി പ്രകാരം സഹകരണ സംഘങ്ങൾക്ക് 'ബാങ്ക് ' എന്നപേരിൽ പ്രവർത്തിക്കാൻ അനുവാദമില്ല. കാരണം, 'സഹകരണ സംഘങ്ങൾ' ആർ ബി ഐ യുടെ കീഴിൽ രജിസ്ട്രേഡ് അല്ലാത്തതിനാൽ ബാങ്കിംഗ് സേവനങ്ങൾ നൽകാനുള്ള അധികാരമില്ല. ആയതിനാൽ മറ്റ് രജിസ്ട്രേഡ് ബാങ്കുകൾ നൽകുന്ന യാതൊരു സുരക്ഷയും ഉറപ്പും ഇത്തരം 'സഹകരണ സംഘങ്ങൾക്ക്' നല്കാനാവുന്നതല്ല.

എങ്കിലും ഇന്നും 'സഹകരണ ബാങ്കുകൾ' എന്ന പേരിൽ ഇവ നിലനിൽക്കുന്നത് ജനങ്ങളുടെ വിശ്വാസത്തിന്റെ പുറത്താണ്. ഗ്രാമപ്രദേശങ്ങളിലെ ജനങ്ങൾ കൂടുതലായും മുൻഗണന കൊടുക്കുന്നതും വിശ്വസിക്കുന്നതും സഹകരണ സംഘങ്ങളിലാണ്. ഉൾപ്രദേശങ്ങളിലുള്ള ബാങ്കുകളുടെ കുറവും, ലോണും മറ്റ് സേവനങ്ങളും ലഭിക്കാനുള്ള എളുപ്പവുമാണ് ഈ മുൻഗണനയ്ക്കുള്ള പ്രധാന കാരണങ്ങൾ.

അതിനാൽ സഹകരണസംഘങ്ങൾ ജനങ്ങളുടെ പൊതുവായ സാമ്പത്തിക സാമൂഹിക സാംസ്കാരിക ആവശ്യങ്ങളും അഭിലാഷങ്ങളും നിറവേറ്റുവാൻ ബാധ്യസ്ഥരാണ്. സഹകരണസംഘങ്ങൾ ജനങ്ങൾക്കായു ള്ളതാണ്, അവ ജനങ്ങളോട് ഏറ്റവും അടുത്തു നിൽക്കുന്നതാണെന്നാണ് വിശ്വാസം. ഈ വിശ്വാസം കാത്തു സൂക്ഷിക്കേണ്ടത് ഏതൊരു സംഘത്തിന്റെയും ഭരണസംവിധാനത്തിന്റെയും കടമയാണ്.

എന്നാൽ ലാഭത്തിന്റെയും സ്വാർത്ഥലക്ഷ്യങ്ങളുടെയും പേരിൽ ജനങ്ങളെ വഞ്ചിക്കുമ്പോൾ നഷ്ടമാകുന്നത് ജനങ്ങളുടെ വിശ്വാസം മാത്രമല്ല, ഒരുപാട് ജീവിതങ്ങളുടെ പ്രതീക്ഷകൾ കൂടിയാണ്. കേരളത്തിലെ പലയിടങ്ങളിലും ഇപ്പോൾ സഹകരണസംഘങ്ങളിലെ അഴിമതിയും തട്ടിപ്പും ഉയർന്നുവന്നുകൊണ്ടിരിക്കുകയാണ്. പല സംഘടനകളും ഇത് സഹകരണബാങ്കുകൾക്കെതിരെ നടത്തുന്ന കുപ്രചാരണമാണെന്ന് വാദിക്കുന്നെങ്കിലും ഇങ്ങനെയുള്ള സംഭവങ്ങൾ ദിനംപ്രതി കൂടി വരുന്നത് അവയുടെ വിശ്വാസ്യതയെയും നിലനിൽപ്പിനെയും ചോദ്യം ചെയ്യുന്നു.

സഹകരണ സംഘങ്ങളുടെ നിലനിൽപ്പ് അത്യന്താപേക്ഷിതമാണ്. ജനങ്ങ ളുടെ അവകാശങ്ങളെ സംരക്ഷിക്കാനും സഹകരണ സംഘങ്ങളിലുള്ള വിശ്വാസ്യത ഉറപ്പുവരുത്താനും നിയമങ്ങൾ അനവധിയുണ്ട്. പക്ഷെ സംരക്ഷിക്കാൻ ബാധ്യതയുള്ള അധികാരികൾ തന്നെ ഈ നിയമങ്ങൾ വളച്ചൊടിച്ചാൽ ദുരിതത്തിൽ ആവുന്നത് സാധാരണക്കാരായ ജനങ്ങളാണ്. ഇങ്ങനെയുള്ള സഹകരണസംഘങ്ങളിൽ നടക്കുന്ന പ്രവർത്തനങ്ങൾ സുതാര്യമാവേണ്ടതും അഴിമതിക്കെതിരെ അധികൃതർ കർശന നടപടി സ്വീകരിക്കുകയും ജനങ്ങളെ ബോധവൽക്കരിക്കുകയും ചെയ്യേണ്ടതും ആവശ്യമാണ്.

-എഡിറ്റർ

# മിന്നൽ പ്രളയത്തിൽ പാലം തകർന്നു

ജിഷ്ണ ബാലകൃഷ്ണൻ



മഴയിൽ തകർന്ന നാൽപ്പത് വർഷം പഴക്കമുള്ള പാലം

സെന്റ് ജൂഡ് നഗർ: നാൽപത്തിയൊൻപത് വർഷത്തിനടുത്ത് പഴക്കമുള്ള സെന്റ് ജൂഡ് പാലമാണ് ഒരു മാസം മുൻപ് പെയ്ത മഴയിൽ തകർന്നത്. പാലം തകർന്നതിനെ തുടർന്ന് ഗതാഗതം തടസ്സപ്പെട്ടിരിക്കുകയാണ്. അയ്യൻകുന്ന് പഞ്ചായത്തിലെ പതിമൂന്ന് പതിനാല് വാർഡുകൾ തമ്മിൽ ബന്ധിപ്പിക്കുന്നതാണ് സെന്റ് ജൂഡ് പാലം. മറ്റു വഴിയുണ്ടെങ്കിലും ദൂരം അധികമായതിനാൽ യാത്രക്കാർ വലയുകയാണ്.

മുചക്ര വാഹനങ്ങളും ഇരുചക്ര വാഹനങ്ങളും കാൽനട യാത്രക്കാരുമാണ് ഈ വഴി ഉപയോഗപ്പെടുത്തുന്നത്. ആകെയുള്ളതിൽ പതിനഞ്ച് മീറ്ററോളമാണ് പാലം തകർന്നിരിക്കുന്നത്.

നാൽപത്തിയൊൻപത് വർഷത്തിനടുത്ത് പഴക്കമുള്ളതിനാൽ ദ്രവിച്ച അവസ്ഥയിലാണ് പാലം ഉണ്ടായിരുന്നത്. നാട്ടുകാർ പാലം പണിയുന്നതിനായി നേരത്തേ തന്നെ ആവശ്യപ്പെട്ടിരുന്നു.

'പഞ്ചായത്തിൽ നിന്ന് എ ഇ, പഞ്ചായത്ത് പ്രസിഡൻ് തുടങ്ങിയവർ സ്ഥലം സന്ദർശിച്ച് സ്ഥിതിഗതികൾ വിലയിരുത്തി. അഞ്ച് ലക്ഷം രൂപ മാത്രമാണ് മുടക്കാനാവുന്നത്. നിലവിലുള്ള തൂണുകൾക്ക് ബലക്ഷയം ഉണ്ടോയെന്ന് ഉറപ്പ് വരുത്തിയതിനു ശേഷം നടപടി സ്വീകരിക്കും. പിന്നീട് വാർഡ് മെമ്പർ മിനി വിശ്വനാഥന്റെയും പൊതുപ്രവർത്തകൻ മാത്തുക്കുട്ടിയുടേയും നേതൃത്വത്തിൽ നാട്ടുകാരുടെ സഹായത്തോടെ ഒരു നടപ്പാലം നി ർമ്മിക്കുന്നതിനായി നടപടികൾ ആരംഭിച്ചിട്ടുണ്ട്'.പഞ്ചായത്ത് പ്രസിഡന്റ് കുര്യാച്ചൻ പൈമ്പളളിക്കുന്നേൽ പറഞ്ഞു.

'എല്ലാ വർഷവും മഴക്കാലത്ത് പുഴയിൽ വെള്ളം പൊങ്ങി പാലം കവിഞ്ഞ് ഒഴുകാറുള്ളതുകൊണ്ട് പാലം ദ്രവിച്ച് തുടങ്ങിയിരുന്നു. ജാഗ്രത പുലർത്താൻ ബാനർ സ്ഥാപിച്ച് ഏതാനം ദിവസങ്ങൾക്കകം പാലം തകർന്നു. അതിനാൽ ആളപാ യം ഒഴിവാക്കാൻ സാധിച്ചു. ശക്തമായി പെയ്ത മഴയിൽ പുഴയിലൂടെ ഒഴുകി വന്ന മരത്തടി പാലത്തിന്റെ തൂണിൽ ഇടിക്കുകയും അതിന്റെ ആഘാതത്തിൽ ക്രമേണ പാലത്തിന് ബലക്ഷയം സംഭവിക്കുകയും ചെയ്തു, പാലത്തിന്റെ നടു തൂണ് ദ്രവിച്ച അവസ്ഥയിലാണ് കാണപ്പെട്ടത്, ശക്തമായ മഴയിൽ തൂണിന്റെ അടിവശം ഒലിച്ച് പോ വുകയും തൂണ് താഴുകയും പാലം ചെരിയുകയുമായിരുന്നു തുടർന്ന് നാട്ടുകാർ പാലത്തിന്റ കൈവരി പിടിച്ച് നടക്കാൻ ശ്രമിക്കുന്നത് ശ്രദ്ധയിൽപ്പെട്ടു. അത് അപകടമായതിനാൽ മണ്ണുമാന്തി യന്ത്രം ഉപയോഗിച്ച് മുഴുവനായി തകർത്തു' സമീപവാസി പ്രമോദ് മേത്തടൈൽ പറഞ്ഞു.

'പാലം തകർന്നതിനെ തുടർന്ന് പരിസര നിവാസികൾക്ക് പള്ളികളിലും കുട്ടികൾക്ക് സ്കൂളിൽ പോകാനും ബുദ്ധിമുട്ടാണ്, വയോജനങ്ങളാണ് ഏറെ ബുദ്ധിമുട്ട് അനുഭവിക്കുന്നത്'. പ്രദേശവാസി ശ്രീമതി കൂട്ടിച്ചേർത്തു.

പഞ്ചായത്ത് ഭരണസമിതിയെ കണ്ട് സ്ഥിതിഗതികൾ വിലയിരുത്തി പാലം അത്യാവശ്യമാണെന്ന് ചർച്ച ചെയ്ത് തീരുമാനിച്ചു, തുടർന്ന് പാസ്സാക്കിയ തീരുമാനം കളക്ടറേയും എം എൽ എ യും ജില്ലാ പഞ്ചായത്തിനേയും അറിയിച്ചു.

# ഡോൺ ബോസ്കോ കോളേജ്: മികച്ച എൻ.എസ്.എസ് യൂണിറ്റ്



ആഷ്മി തോമസ്

അങ്ങാടിക്കടവ്:കണ്ണൂർ സർവ്വകലാശാലയിലെ മികച്ച എൻ.എസ്. എസ് യൂണിറ്റിനുള്ള അവാ ർഡ് അങ്ങാടിക്കടവ് ഡോൺ ബോസ്കോ ആർട്സ് ആൻഡ് സയൻസ് കോളേജിനു ലഭിച്ചു. മികച്ച പ്രോഗ്രാം ഓഫീസറായി കോളേജിലെ മലയാളം വിഭാഗം അധ്യാപിക ജിഷ രാമകൃഷ്ണൻ തിരഞ്ഞെടുക്കപ്പെട്ടു.

2021 - 22 അധ്യയന വർഷത്തെ പ്രവർത്തനങ്ങളെ അടിസ്ഥാനമാക്കിയാണ് യൂണിറ്റുകൾക്കും പ്രോഗ്രാം ഓഫീസർക്കുമുള്ള പുരസ്കാരങ്ങൾ നിർണയിക്കുന്നത്. 'രണ്ട് സ്നേഹ വീടുകളാണ് എൻ. എസ്. എസ് ഈ പ്രാവശ്യം പൂർത്തിയാക്കിയത്. മൂന്നാമത്തെ വീടിന്റെ നിർമ്മാണം സാമ്പത്തിക ബുദ്ധിമുട്ടുകൾ ഉള്ളതിനാ ൽ പകുതിയായി നില്ക്കുകയാണ്. ഫണ്ട് കണ്ടെത്താനുള്ള ശ്രമങ്ങൾ ഇപ്പോഴും തുടരുകയാണ്'. എൻ എസ് എസ് പ്രോ ഗ്രാം ഓഫീസർ ജിഷ രാമകൃഷ്ണൻ പറഞ്ഞു. ഇതിനകം 5 സ്നേഹ വീടുകളാണ് കോളേജ് നിർമ്മിച്ചു നല്കിയത്.

മൂന്നാം തവണയാണ് ഡോൺ ബോസ്കോ ആർട്സ് ആൻഡ് സയൻസ് കോളേജ് മികച്ച എൻ എസ് എസ് യൂണിറ്റിനുള്ള അവാർഡ് കരസ്ഥമാക്കുന്നത്. 2017 ലും 2019 ലും മികച്ച എൻ എസ് എസ് യുണിറ്റ്, മികച്ച വോളിണ്ടിയർ, മികച്ച പ്രോഗ്രാം ഓഫീസർ തുടങ്ങിയ പുരസ്കാരങ്ങൾ കോളേജിനു ലഭിച്ചിരുന്നു.

# തെരുവുനായ ശല്യം നിയന്ത്രിക്കാൻ പുതിയ കർമ പദ്ധതി

ആഷ്മി തോമസ്

അങ്ങാടിക്കടവ്: തെരുവുനായ ശല്യം നിയന്ത്രിക്കാൻ അയ്യൻകുന്ന് ഗ്രാമപഞ്ചായത്തിൽ പു തിയ കർമ പദ്ധതികൾ ആവിഷ്കരിച്ചു. ഇന്നലെ പഞ്ചായത്ത് തലത്തിൽ ചേർന്ന യോഗത്തിലാണ് തീരുമാനം. ഇതിനായി എല്ലാ വാർഡിലും മൃഗസ്നേഹികളെയും കൂടി ഉൾപ്പെടുത്തി കമ്മിറ്റികൾ രൂപീകരിച്ചു.

വാക്സിനേഷൻ നടത്തുന്ന എ.ബി.സി സെന്ററിലേക്ക് നായ്ക്കളെ എത്തിക്കുക, വീടുകളിലെ വളർത്തു നായ്ക്കൾക്ക് വാക്സിനേഷനും ഒക്ടോബറിനു മുമ്പ് ലൈസൻസും ഉറപ്പാക്കുക, കുടുംബശ്രീയുടെ സഹായത്തോടെ വീടുകളിൽ വളർത്തുന്ന നായ്ക്കളുടെ എണ്ണം കണ്ടെത്തുക, ബോധവത്കരണ പരിപാടികൾ നടത്തുക, വാക്സിനേഷൻ ക്യാമ്പുകൾ സംഘടിപ്പിക്കുക, ബ്രീഡ് ചെയ്ത് വളർത്തുന്ന നായ്ക്കൾക്ക് പ്രത്യേകം ലൈസൻസ് ഉപയോഗിക്കുക അല്ലാത്തവയെ വന്ധീകരണം നടത്തി



യതിനു ശേഷം വളർത്തുക തുടങ്ങിയവയാണ് യോഗത്തിലെ പ്രധാന തീരുമാനങ്ങൾ.

യോഗത്തിൽ പഞ്ചായത്ത് പ്രസിഡന്റ് കുര്യാച്ചൻ പൈമ്പള്ളിക്കുന്നേൽ അധ്യക്ഷത വഹിച്ചു. വെറ്റിനറി ഡിപാർട്ട്മെന്റ് ഡോക്ടർ ഡോ. അഞ്ചിത ശിവൻ ബോധവത്കരണ ക്ലാസ് നടത്തി. പഞ്ചായത്ത് ഭരണ സമിതി അംഗങ്ങൾ, സി.ഡി.എസ് അംഗങ്ങൾ, എൻ.എസ്.എസ് കോർഡിനേറ്റേഴ്സ്, ഹെൽത്ത് ഇൻസ്പെക്ടർ , സന്നദ്ധ പ്രവർത്തകർ, മൃഗസ്നേഹികൾ തുടങ്ങിയവരും പങ്കെടുത്തു.

'സ്കൂളുകളെ കേന്ദ്രീകരിച്ച് ധാരാളം തെരുവ് നായ്ക്കൾ തമ്പടിച്ചിട്ടുണ്ട്. ബാക്കി വരുന്ന ഉച്ചഭക്ഷണം നായ്ക്കൾക്ക് ഇട്ടുകൊടുക്കുന്നതാണ് ഇതിന്റെ പ്രധാന കാരണം. അതുകൊണ്ട് കുട്ടികൾക്ക് ഇതിനെക്കുറിച്ചുള്ള ബോധവൽക്കരണം നടത്തും' പഞ്ചായത്ത് പ്രസിഡന്റ് കുര്യാച്ചൻ പൈമ്പള്ളിക്കുന്നേൽ പറഞ്ഞു.

അങ്ങാടിക്കടവിൽ കഴിഞ്ഞ ആഴ്ച ഒരാൾക്ക് തെരുവ് നായയുടെ കടിയേറ്റിരുന്നു. 'ടൗണിൽ സ്ഥിരമായി രണ്ട് നായകൾ ഉണ്ട് . ഇത് ഇടയ്ക്കിടെ സ്കൂൾ കുട്ടികളെ ശല്യചെയ്യാറുണ്ട്. പിന്നീട് നാട്ടുകാർ വന്ന് നായകളെ ഓടിക്കാറാണ് പതിവ്'. പ്രദേശത്തെ വ്യാപാരികൾ പറഞ്ഞു.




For private circulation only

എഡിറ്റോറിയൽ ടീം - ചീഫ് എഡിറ്റർ ആൻഡ് പബ്ലിഷർ: ഫാ. ഡോ. ബാസ്റ്റിൻ നെല്ലിശ്ശേരി | സ്റ്റാഫ് എഡിറ്റേഴ്സ്: അനിൽ തോമസ് നല്ലൂർ, ഏബൽ ബാബു | എഡിറ്റർ ഇൻ ചാർജ്: അനുഗ്രഹ ആൻ ജോർജ് | സബ് എഡിറ്റേഴ്സ്: ആഷ്മി തോമസ്, ഹർഷ കെ വി, ലിഡിയ ജേക്കബ്, ഐസയ ന്യൂമെ, ജിഷ്ണ ബാലകൃഷ്ണൻ, റിയ റോയി, ഹർഷ കെ വി| ഫോട്ടോഗ്രഫേഴ്സ്: ലിഡിയ ജേക്കബ്|ഡിസൈൻ: റിയ റോയി|